ഇ.ബി. XIകേരള നിയമസഭ/IV33

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ആഗസ്റ്റ് 2, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(പിന്നോക്ക –പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രിയെ മന്ത്രിസഭയിൽനിന്നും പുറത്താക്കാത്ത ഗവണ്മെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഏഴ് പ്രതിപക്ഷ അംഗങ്ങൾ സഭാ കവാടത്തിൽ സത്യഗ്രഹം ആരംഭിക്കുന്നതായി പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ പ്രസ്താവന നടത്തിയ ശേഷം പ്രതിപക്ഷം ഒന്നടങ്കം ചോദ്യോത്തരവേള ബഹിഷ്ക്കരിച്ച് പുറത്തു പോകുകയും അത് കഴിഞ്ഞ് മടങ്ങി വരുകയും ചെയ്തു.)

244(*784) വനിതാ സഹകരണ സംഘങ്ങൾ

സഹകരണവകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ) നൽകിയ മറുപടിയിൽ സംസ്ഥാനത്ത് 25 ലക്ഷം രൂപയിൽ കൂടുതൽ പ്രവർത്തനമൂലധനമുള്ള 54 വനിതാ സഹകരണ സ്ഥാപനങ്ങളുൾപ്പെടെ 595 വനിതാ സഹകരണസംഘങ്ങളുണ്ടെന്നും സാമ്പത്തിക ഭദ്രതയും മതിയായ സുരക്ഷിതത്വവുമുള്ള സംഘങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്വർണപ്പണയ വായ്പാ പദ്ധതി ആരംഭിക്കുന്നതിന് അനുവാദം നൽകുന്നതാണെന്ന് സഭയെ അറിയിച്ചു. സ്വന്തമായി കെട്ടിടവും സ്ട്രോംങ് റൂമും ലോക്കർ സൗകര്യങ്ങളും ഇൻഷുറൻസ് പരിരക്ഷയുമുള്ള സംഘങ്ങൾ ജോയിന്റ് ജോയിന്റ് രജിസ്ട്രാറുടെ അനുമതിയോടുകൂടി അപേക്ഷിച്ചാൽ പ്രവർത്തനമൂലധനത്തിന്റെ പരിധിയിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. സംഘങ്ങൾക്ക് ഷെയർ ക്യാപിറ്റലായി 50000 രൂപവരെയും ബിൽഡിംഗ് ഗ്രാന്റായി 15000 രൂപവരെയും സബ്സിഡി അനുവദിക്കുന്നുണ്ട്. സ്വർണ്ണത്തിന്റെ ക്വാളിറ്റി ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രത്യേകമായ പരിശീലന സംവിധാനം നിലവിലുണ്ട്. പ്രവർത്തനമൂലധനം കൂടുതലുള്ള സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും അപ്പക്സ് സംഘം

സ്ഥാപിക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി
വ്യക്തമാക്കി.

245 (*785) <u>സഹകരണ ആർബിട്രേഷൻ കോടതി</u>

സഹകരണവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ സഹകരണ രംഗത്തെ പണസംബന്ധമല്ലാത്ത ആർബിട്രേഷൻ കേസുകൾക്കായി തലസ്ഥാന നഗരം ആസ്ഥാനമാക്കി ഒരു കോടതി സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ടെന്ന് സഭയെ അറിയിച്ചു. 1969–ലെ കേരള സഹകരണസംഘം നിയമമനുസരിച്ച് ധനസംബന്ധമല്ലാത്ത തർക്കങ്ങൾ സഹകരണ ആർബിട്രേഷൻ കോടതിക്ക് റഫർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിൽ ആർബിട്രേഷൻ കോടതി രൂപീകരിക്കുന്നതിനും കോടതിയുടെ പ്രിസൈഡിംഗ് ഓഫീസർ, സെക്രട്ടറി എന്നിവരുടെ നിയമനങ്ങൾ സംബന്ധിച്ചും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇലക്ഷൻ കേസുകളും സർവ്വീസ് സംബന്ധമായ കാര്യങ്ങളുമാണ് കോടതിയുടെ അധികാര പരിധിയിൽ വരുന്നത്. പണസംബന്ധമായ കേസുകൾ രജിസ്ട്രാറുടെ കോടതിയാണ് പരിഗണിക്കുന്നത്. സ്വാശ്രയ സഹകരസംഘത്തിന്റെ കരട് ലാ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഒരു ഉപ ചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

246(*786) <u>ഇൻഡസ്ട്രീയൽ റിലേഷൻസ് കമ്മിറ്റി</u>

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) നൽകിയ മറുപടിയിൽ ഇൻഡസ്ട്രീയൽ റിലേഷൻസ് കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായി സഭയെ അറിയിച്ചു. പ്ലാന്റേഷൻ ലേബർ കമ്മിറ്റി, കയർ വ്യവസായ ബന്ധസമിതി, ടെക്സ്റ്റൈൽ വ്യവസായ ബന്ധസമിതി എന്നിവ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. കുട്ടനാട് കാർഷിക മേഖലാ വ്യവസായ ബന്ധസമിതി, ടിംബർ, പ്ലൈവുഡ് മാച്ചസ് ആന്റ് സാമിൽ വ്യവസായ ബന്ധസമിതി, എന്നിവയുടെ കാലാവധി അവസാനിച്ചിട്ടില്ല. ബാക്കിയുള്ളവ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ സമിതിയുടെ കാലാവധി മൂന്നു വർഷമായി നിശ്ചയിച്ചിട്ടുണ്ട്. വ്യവസായിക പ്രശ്നങ്ങളും കൂലിയടക്കമുള്ളതർക്കങ്ങളും ചർച്ച ചെയ്തു പരിഹരിക്കുന്നതിനുള്ള ഉപദേശകസമിതികളായിട്ടാണ് ഇവ പ്രവർത്തിക്കുന്നതെങ്കിലും സങ്കീർണ്ണങ്ങളായ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇവ സ്റ്റാറ്റ്യൂട്ടറിയാക്കി മാറ്റുന്ന കാര്യം ഗവണ്മെന്റ് ആലോചിക്കുന്നതാണ്. ഉല്പാദനക്ഷമതയുമായി ബന്ധപ്പെടുത്തി വേതന ഘടന, ബോണസ് തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഐ.ആർ.സി.കൾക്ക് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ, മറ്റ് ഫാക്ടറികൾ, എസ്റ്റേറ്റുകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് കഴിഞ്ഞവർഷം നൽകിയ നിരക്കിൽത്തന്നെ ഓണത്തിനുമുമ്പ് ധനസഹായം വിതരണം ചെയ്യാൻ സത്വര നടപടികൾ

സ്വീകരിച്ചു വരുന്നു. കർഷകത്തൊഴിലാളി പെൻഷൻ മുതലായ മറ്റ് ആനുകൂല്യങ്ങളുടേയും ഒരു ഗഡു ഓണത്തിനുമുമ്പ് വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(ചോദ്യം നമ്പർ *787, *788 എന്നിവ ഉന്നയിച്ചില്ല)

247 (*789) കെൽട്രോൺ യൂണിറ്റുകൾ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി നൽകിയ മറുപടിയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റുകളിൽ കെ.എസ്.ഇ.ഡി.സി., കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ് (കണ്ണൂർ), കെൽട്രോൺ റസിസ്റ്റേഴ്സ് ലിമിറ്റഡ് (കണ്ണൂർ), കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ് എന്നിവ ലാഭകരമായി പ്രവർത്തിപ്പിക്കാമെന്ന് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി കണ്ടെത്തിയതായി സഭയെ അറിയിച്ചു. പ്രാരംഭ പഠനപ്രകാരം കെ.എസ്.ഇ.ഡി.സി.ക്ക് 116 കോടി രൂപയും കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് 7.3 കോടി രൂപയും കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡിന് 21 ലക്ഷം രൂപയും ഒ.ടി.എസ്. വഴി പഴയ കടങ്ങൾ അടച്ചുതീർക്കാൻ ആവശ്യമാണെന്ന് ഇ.ആർ.സി. കണ്ടെത്തിയിട്ടുണ്ട്. കെൽട്രോൺ യൂണിറ്റുകളുടെ സഞ്ചിത നഷ്ടം 262 കോടി രൂപയാണ്. പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കാൻ സാധിക്കാതിരുന്നതും, നവീന സമ്പദ്‌വ്യവസ്ഥയിലൂടെ ഉളവായ മാറ്റങ്ങളും വിപണിയിലെ കടുത്ത മൽസരംമൂലം കമ്പനികളുടെ ശേഷിക്കനുസരണമായ ഓർഡർ ലഭിക്കാതിരുന്നതും, വിദേശ നിർമ്മിത ഉൽപന്നങ്ങൾ യഥേഷ്ടം വില കുറച്ച് വിറ്റഴിക്കുന്നതും, പ്രവർത്തന മൂലധനത്തിന്റെ അഭാവവും, അധികമായ പലിശഭാരവും, നൂതന സാങ്കേതിക വിദ്യയ്ക്കനുസരണമായി ഗുണനിലവാരമുള്ള മാനവശേഷിയുടെ കുറവും അധികമായ ഉല്പാദനേതര ജീവനക്കാരും കമ്പനിയുടെ പ്രവർത്തനം നഷ്ടത്തിലാക്കാൻ കാരണമായി. നിലവിലുള്ള സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും പുതിയ ടെക്നോളജി എല്ലാ യൂണിറ്റുകളിലും കൊണ്ടുവരാനാണ് ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലാഭത്തിലാക്കാൻ കഴിയുന്ന യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നതോടൊപ്പം അവയെ സ്വകാര്യകമ്പനികളുമായി ജോയിന്റ് സെക്ടറിലാക്കുന്ന കാര്യവും ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

248(*790) സമഗ്ര സഹകരണ വികസന പദ്ധതി

സഹകരണവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സമഗ്ര സഹകരണ വികസന പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ നടപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നുവെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തിന്റെ സമഗ്ര വികസനം മുൻനിർത്തി നാഷണൽ കോപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടുകൂടി സഹകരണ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത സഹകരണ വികസന പദ്ധതിയിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഗാർഹികോല്പാദനം

വർദ്ധിപ്പിക്കുക, വിപണന മേഖല ശക്തമാക്കുക, സഹകരണ മേഖലയിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക, കൺസ്യൂമർ മേഖല ശക്തിപ്പെടുത്തുക, സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുക, സംഘങ്ങളുടെ ആന്തരിക ഘടനാസംവിധാനങ്ങൾ മെച്ചപ്പെടുത്തുക, മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പരിശീലന/ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക എന്നിവ യാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. എൻ.സി.ഡി.സി. യുടേയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അതോടൊപ്പം സർക്കാരിന്റെ ലോണോ സഹായമോ ഇല്ലാതെ പ്രവർത്തിക്കാൻ കഴിയുന്ന സ്വാശ്രയ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണനടപടികളും പൂർത്തിയായി വരികയാണ്. എൻ.സി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ സംഘടിപ്പിക്കുന്ന കാർഷിക വിപണന മേളപോലെയുള്ള വിപണന കേന്ദ്രങ്ങൾ ജില്ലാടിസ്ഥാനത്തിൽ നടത്തുന്നതിന് സഹകരണസംഘങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചാൽ അക്കാര്യം പരിഗണിക്കുന്നതാണ്.

(ചോദ്യം നമ്പർ *791 ഉന്നയിച്ചില്ല)

*249 (*792)* <u>മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട്</u>

സഹകരണവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മത്സ്യബന്ധന തുറമുഖങ്ങൾ ചരക്കു കൈകാര്യം ചെയ്യുന്ന തുറമുഖമാക്കി മാറ്റുന്നതിന് 1908-ലെ ഇൻഡ്യൻ പോർട്ട് ആക്ട് പ്രകാരം തുറമുഖമായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നും ചരക്കു കൈകാര്യം ചെയ്യുന്നതിനു മുന്നോടിയായി കസ്റ്റംസ് ആക്ടിന്റെ കീഴിൽ കസ്റ്റംസ് പോർട്ടായി കേന്ദ്ര സർക്കാർ പ്രഖ്യപിക്കുകയും അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് സഭയെ അറിയിച്ചു. കൂടാതെ തുറമുഖത്ത് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്ന കപ്പലുകളെ ആസ്പദമാക്കി വാർഫ് പണിയുക, കപ്പൽ ചാലിന്റെ ആഴം കൂട്ടുക, ക്രെയിൻ, ഗോഡൗൺ സൗകര്യങ്ങൾ ഏർപ്പെടുത്തുക, പോർട്ട് ആഫീസ് പ്രവർത്തിപ്പിക്കുക, അനുബന്ധ സൗകര്യങ്ങൾ ഒരുക്കുക എന്നിവയും അധിക സൗകര്യങ്ങളായി ഏർപ്പെടുത്തേണ്ടതുണ്ട്. വിഴിഞ്ഞം പോർട്ടിന്റെ വികസനത്തിന് ബി.ഒ.ടി. വ്യവസ്ഥയിൽ 2500 കോടി രൂപയുടെ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യം നമ്പർ *793 ഉന്നയിച്ചില്ല)

250 (*794) <u>സോഫ്ട് വെയർ പകർത്തലിനെതിരെ നടപടി</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കോപ്പിറൈറ്റ് ആക്ട് പ്രകാരം സോഫ്ട് വെയർ പകർത്തൽ കുറ്റകരമാണെന്ന വ്യവസ്ഥ കേരളത്തിനും

ബാധകമാണെന്ന് സഭയെ അറിയിച്ചു. നാഷണൽ അസോസിയെഷൻ ഓഫ് സോഫ്റ്റ് വെയർ ആന്റ് സർവീസസ് സോഫ്ട് വെയർ പകർത്തൽ വിലക്കിയിട്ടുണ്ട്.

തിരുത്ത്

29-7-2002-ലെ **നക്ഷത്രചിഹ്നമിടാത്ത** 4352-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) സഭയുടെ മേശപ്പുറത്ത് വച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

251 (*797) വനിതാ സഹകരണ അപ്പക്സ് ഫെഡറേഷൻ

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 595 വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളെക്കുറിച്ച് പഠിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും അവയ്ക്ക് നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകളും പദ്ധതികളും സംബന്ധിച്ച ശുപാർശകൾ നൽകുവാനായി സംസ്ഥാനത്ത് ഒരു വനിതാ സഹകരണ അപ്പെക്സ് ഫെഡറേഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും അറിയിച്ചു.

252 (*800) ദാരുശില്പ നിർമ്മാണത്തിന് പ്രോത്സാഹനം നൽകാൻ നടപടി

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2001-2002-ൽ സുരഭി 261 ലക്ഷം രൂപയ്ക്കുള്ള കരകൗശല ഉല്പന്നങ്ങൾ വിപണനം നടത്തുകയും 5 ലക്ഷം രൂപയ്ക്കുള്ള കരകൗശല ഉല്പന്നങ്ങൾ കയറ്റുമതി നടത്തുകയും ചെയ്തുവെന്ന് അറിയിച്ചു. കേരള കരകൗശല കോർപ്പറേഷൻ 2000-2001-ൽ 966.58 ലക്ഷം രൂപയ്ക്കുള്ള കരകൗശല ഉല്പന്നങ്ങൾ വിപണനം നടത്തുകയും 38.27 ലക്ഷം രൂപയ്ക്കുള്ള കരകൗശല ഉല്പന്നങ്ങൾ കയറ്റുമതി നടത്തുകയും ചെയ്തു. സുരഭി - കേരളാ സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് സൊസൈറ്റി ക്രാഫ്റ്റുകളുടെ വികസനത്തിനുവേണ്ടി ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. തടി ഉപയോഗിച്ചുള്ള ക്രാഫ്റ്റ്സുകൾ പുതിയ ഡിസൈനിൽ നിർമ്മിക്കുന്നതിന് ആവശ്യമായ ടൂൾസ്/മെഷീൻ സൗകര്യങ്ങൾ ക്രാഫ്റ്റ്സ് ഡവലപ്മെന്റ് സെന്ററിൽ ക്രാഫ്റ്റ്സ്മാൻമാർക്ക് ലഭ്യമാണ്. ദാരുശില്പ നിർമ്മാണത്തിൽ പരിശീലനം നൽകാൻ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡവലപ്മെന്റ് കമ്മീഷണറുടെ ആഫീസ് മുഖാന്തിരം നടപ്പാക്കുന്ന പരിശീലന പദ്ധതികൾ നിലവിലുണ്ട്. കാർപ്പറ്റ് നിർമ്മാണം ഒഴിച്ചുള്ള കരകൗശല നിർമ്മാണ പരിശീലന പദ്ധതി , അപ്രന്റീസ് പരിശീലന പരിപാടി, പരിശീലകർക്ക് ട്രെയിനിംഗ് പ്രോഗ്രാം , കരകൗശല സഹകരണസംഘം മെമ്പർ എഡ്യൂക്കേഷൻ പരിപാടി എന്നിവയും നിലവിലുണ്ട്. ഈ രംഗത്ത് യുവതലമുറയെ പ്രോത്സാഹിപ്പിക്കുന്നതിന് ക്രാഫ്റ്റ് മത്സരം, പുതിയ ഡിസൈനുകൾ, പുതിയ ഉല്പന്നങ്ങൾ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ ഉല്പന്നങ്ങൾ നിർമ്മിക്കുക എന്നിവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. യുവതലമുറയെ പ്രോത്സാഹിപ്പിക്കുന്നതിന് ക്രാഫ്റ്റ് മത്സരം, പുതിയ

ഡിസൈനുകൾ, പുതിയ ഉൽപന്നങ്ങൾ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ ഉല്പന്നങ്ങൾ നിർമ്മിക്കുക എന്നിവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കരകൗശല തൊഴിലാളികൾക്ക് നേരിട്ട് തന്നെ യഥാർത്ഥ ഉപഭോക്താവിന് വിപണനം നടത്തുന്നതിനുള്ള 'കേരൾ ഹത്ത്' എന്ന സ്ഥിരം വിപണന സംവിധാനം നടപ്പിലാക്കുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്. വിപണനം വ്യാപകമാക്കുന്നതിലൂടെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കാനായി 'കേരൾ ക്രാഫ്റ്റ് കോം.' എന്ന ഇ–കൊമേഴ്സ്, കെൽട്രോണുമായി സഹകരിച്ച് രൂപം നൽകിവരുന്നു. ഗുണ മേന്മ കൂട്ടാനും, തദ്വാര വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനുമായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കി നവീകരിച്ചിട്ടുണ്ട്. അടിസ്ഥാന തലങ്ങളിൽ സ്ഥായിയായ സമഗ്ര വികസനം സാദ്ധ്യമാക്കാനായി തൊഴിലാളികളുടെ പങ്കാളിത്തത്തോടെയുള്ള ശാക്തിക ഏകീകരണ പദ്ധതി ബാബാ സാഹബ് അംബേദ്കർ കരകൗശല വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ക്ലസ്റ്ററുകളിൽ നടപ്പിലാക്കുന്നതാണ്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

212 (4820) ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം

സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴി സർക്കാരിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 55 കോടി രൂപയുടെ വരുമാനമുണ്ടായി. പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം വ്യാപകമാക്കുന്നതിന്റെ ഭാഗമായി റെയിൽവേ റിസർവേഷൻ, എൽ.ഐ.സി. പ്രീമിയം എടുക്കുവാനുള്ള സൗകര്യം എന്നിവ ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സേവനങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

213 (4842) ബാലമന്ദിരങ്ങളും വൃദ്ധസദനങ്ങളും

സംസ്ഥാനത്തെ 31 ബാലമന്ദിരങ്ങളും ചാക്ക കെയർഹോമും സാമൂഹ്യക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും 13 വൃദ്ധസദനങ്ങളുടെ മേൽനോട്ടം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുമാണ്.

214 (4844) ഒരു കപ്പു പാലും ഷേക്ഹാന്റും പദ്ധതിയുടെ പുരോഗതി

സംസ്ഥാനത്തെ 14 ജില്ലകളിലായി 163 ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ പ്രവർത്തിക്കുന്ന മുഴുവൻ അംഗൻവാടി സെന്ററുകളിലും ഒരു കപ്പു പാലും ഷേക്ഹാന്റും പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ പദ്ധതി വഴി 7.7 ലക്ഷം കുട്ടികൾക്ക്

പാൽ വിതരണം നടത്തുന്ന സാഹചര്യത്തിൽ ഒരു കുട്ടിക്ക് ഒരു ദിവസം 2 രൂപ 30 പൈസ നിരക്കിൽ ആകെ 17,71,000 രൂപ ചെലവു വരുമെന്ന് കണക്കാക്കുന്നു.

215 (4857) <u>കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ വിവിധ ആനുകൂല്യങ്ങൾ</u>

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് വിവിധ ആനുകൂല്യങ്ങൾക്കായി 1991–92 മുതൽ 2001–2002 വരെ 21,16,37,936 രൂപ ചെലവഴിച്ചിട്ടുണ്ട്. അതിവർഷാനുകൂല്യം, മരണാനന്തര സഹായം, വിവാഹധനസഹായം, പ്രസവാനുകൂല്യം, ചികിൽസാ സഹായം എന്നീ ഇനങ്ങളിലായി 31–3–2002 വരെ ലഭിച്ച 86022 അപേക്ഷകളിൽ ആനുകൂല്യം കൊടുത്തു തീർക്കുന്നതിനുവേണ്ടി 34,01,52,024 രൂപ വേണ്ടിവരും. ഈ വർഷം 7,81,00,000 രൂപ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

216 (4876) <u>ടിക്കറ്റ് അച്ചടി ചെലവ്</u>

കെ.എസ്.ആർ.ടി.സി. ടിക്കറ്റ് അച്ചടിക്കാനായി പ്രതിവർഷം ശരാശരി 75 ലക്ഷം രൂപ ചെലവഴിക്കുന്നു. ഈ ഇനത്തിൽ 2000–2001–ൽ 69,83,503 രൂപയും 2001–2002–ൽ 75,88,399 രൂപയും 2002–2003–ൽ 6,24,994 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള കൺസഷൻ ടിക്കറ്റ് ഗവൺമെന്റ് പ്രസ്സിലും ബസ് ടിക്കറ്റുകൾ, മറ്റ് ഓഫീസ് സ്റ്റേഷനറികൾ എന്നിവ സ്വകാര്യ പ്രസ്സുകളിലുമാണ് അച്ചടിക്കുന്നത്.

217 (4926) <u>സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ എൻ.ഒ.സി. ലഭിച്ചിട്ടും ആരംഭിക്കാത്ത കോളേജുകൾ</u>

സംസ്ഥാന സഹകരണ അക്കാഡമിയുടെ കീഴിൽ എൻ.ഒ.സി. ലഭിച്ച 12 കോളേജുകളിൽ 5 എൻജിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം ആരംഭിച്ചു. മലപ്പുറം, കുന്നത്തുനാട്, കായംകുളം, ആറന്മുള, പത്തനാപുരം, തിരുവനന്തപുരം (2 കോളേജുകൾ) എന്നിവിടങ്ങളിൽ ആരംഭിക്കുവാനുണ്ട്.

218 (4930) <u>തുറമുഖങ്ങളുടെ വികസനത്തിനായുള്ള പദ്ധതി</u>

കേരളത്തിൽ കൊച്ചി ഒഴികെയുള്ള 17 തുറമുഖങ്ങളിൽ വിഴിഞ്ഞം,തങ്കശ്ശേരി(കൊല്ലം), ആലപ്പുഴ, മുനമ്പം(കൊടുങ്ങല്ലൂർ), പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നിവ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

. . . . . . . .